# ബാലസഭ

**ഒന്നോ അതിൽ അധികമോ അയൽക്കൂട്ട പരിധിയിൽ ഉൾപ്പെടുന്നതും 15 മുതൽ 30 വരെ കുട്ടികൾ (5 മുതൽ 18 വയസ്സ്) ചേർന്ന് രൂപ്പപ്പെടുത്തുന്നതുമായ പ്രാദേശിക സംഘങ്ങൾ ആണ് ബാലസഭകൾ.**

മൂന്ന് തലങ്ങളിൽ ആയാണ് ഇവയുടെ പ്രവർത്തനം നടക്കുന്നത് – അടിസ്ഥാന തലത്തിൽ ബാല സഭ, വാർഡ് തലത്തിൽ ബാല സമിതി, തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ബാല പഞ്ചായത്ത് / ബാല നഗരസഭ. നിലവിൽ 28190 ബാലസഭകളിലായി 4,16,730 കുട്ടികൾ അംഗങ്ങൾ ആണ്.

### ലക്ഷ്യം

തലമുറകളിൽ നിന്നും തലമുറകളിലേക്കുള്ള ദാരിദ്ര്യ വ്യാപനം തടയുക, വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനം, സംഘബോധം, നേതൃത്വശേഷി, സഹകരണ മനോഭാവം, അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെയുള്ള ജനാധിപത്യ ബോധം, സർഗ്ഗ ശേഷി, വ്യക്തി വികാസം, പരിസ്ഥിതി ബോധം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ ഉണ്ടാക്കുക എന്നതാണ് ബാലസഭകളിലൂടെ ലക്ഷ്യം വയ്ക്കുന്നത് . വിവിധങ്ങളായ ശിശു കേന്ദ്രീകൃത പരിപാടികളിലൂടെ അവരുടെ കഴിവുകളും ശേഷികളും വിപുലപ്പെടുത്തുന്നതിനു അവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. ആരോഗ്യപൂർണ്ണവും മൂല്യാധിഷ്ഠിതവുമായ ഒരു പുതു തലമുറയാണ് ഇതിലൂടെ രൂപീകൃതമാകുന്നത്.

## 2019 – 2020 വർഷത്തെ ബാലസഭ പ്രവർത്തനങ്ങൾ

1. കപ്പാസിറ്റി ബിൽഡിംഗ് **(BS01)**
2. ഹോളിസ്റ്റിക് ഹെൽത്ത് **(BS02)**
3. നൈപുണ്യ വികസനം പരിശീലനം **(BS03)**
4. ബാല പാർലമെന്റ് **(BS04)**
5. ശാസ്ത്രോത്സവം **(BS05)**
6. ബാല സംഗമം **(BS06)**
7. ബാലകൃഷി **(BS07)**
8. ബാല ലൈബ്രറി **(BS08)**

### 1) കപ്പാസിറ്റി ബിൽഡിംഗ് (BS01)

ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമം ആകുന്നത് കൃത്യമായ ഇടവേളകളിൽ വ്യക്തമായ പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ഒത്തു ചേർന്ന്,

വൈവിധ്യങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴാണ്. ഇവ സാധ്യമാകുന്നത് കാര്യപ്രാപ്തിയോടും ഊർജസ്വലതയോടെയും പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനക്കൊണ്ടും. ബാലസഭ റിസോഴ്സ് പേഴ്സൺമാർ, ബാല ആർ പി മാർ എന്നിവരെ കർമ്മോത്സുകുരാകുന്നതിനും, ജില്ലാ ഡി പി എം , ബ്ലോക്ക് കോർഡിനേറ്റർമാർ എന്നിവർക്ക് മാർഗ്ഗനിദേശം നൽക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആണ് കപ്പാസിറ്റി ബിൽഡിംഗ് എന്ന ശീർഷകത്തിൽ ഉൾച്ചേർക്കുന്നത്. ഇതിന്റെ ഫലമായി 3 കാര്യങ്ങൾ ആണ് സമൂഹത്തിൽ കാണുവാൻ കഴിയുക.

i) പുതിയ ബാലസഭകളുടെ രൂപീകരണം / പുതുതായി അംഗത്വം ചേരൽ/ നിലവിലുള്ള ബാലസഭ അംഗത്വം പുതുക്കൽ.

ii) സ്പെഷ്യൽ ബാലസഭയുടെ രൂപീകരണവും തുടർപ്രവർത്തനങ്ങളും

iii) മാതൃക ബാലസഭകൾ

## i) <u>പുതിയ ബാലസഭകളുടെ രൂപീകരണം/ പുതുതായി അംഗത്വം ചേരൽ/ നിലവിലുള്ള ബാലസഭ അംഗത്വം പുതുക്കൽ</u>

**<u>ക്വാട്ടർ ഒന്ന്</u>**

- ഡി പി എം, ബ്ലോക്ക് കോർഡിനേറ്റർ എന്നിവർക്ക് സംസ്ഥാന തലത്തിലും ബാലസഭ ആർ പി മാർ, സി ഡി എസ് , എ ഡി എസ് പ്രതിനിധികൾ എന്നിവർക്ക് ജില്ലാ/ബ്ലോക്ക് തലത്തിലും പരിശീലനം
- ബാലസഭാ വാർഷിക പ്രവർത്തന കലണ്ടർ ഉൾപ്പെടുന്ന കൈപ്പുസ്തകം തയാറാക്കി എല്ലാ ജില്ലകളിലും സി ഡി എസ് തലം വരെ ലഭ്യമാക്കും ബാലസഭാ ശാക്തീകരണത്തിന്റെ ഭാഗമായി നിലവിൽ ഉള്ള ബാലസഭകൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും, പുതിയ ബാലസഭകൾ രൂപീകരിക്കുകയും ചെയുക
- പട്ടിക വർഗ്ഗം, തീരദേശം മേഖലകളിലെ 18 വയസ്സിനു താഴെയുള്ളവരുടെ വിവര ശേഖരണം നടത്തി ബാലസഭയിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ ഉൾച്ചേർത്തു ബാലസഭ വിപുലീകരിക്കുക
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബാലസഭാ പ്രവർത്തിക്കുന്നതിന് ആവിശ്യമായ ഫണ്ട് വനിത ശിശു വികസന ഘടകത്തിൽ വകയിരുത്തുന്നുണ്ട് എന്ന് ഉറപ്പാക്കുക. DPC അംഗീകാരം ലഭിച്ച പദ്ധതിതുകയും അതിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളും കുടുംബശ്രീ വെബ് മോണിറ്ററിങ്ങിൽ രേഖപ്പെടുത്തേണ്ടതാണ്.
- സി ഡി എസ്സുകളിൽ ബാലസഭ, ബാലസമതി, ബാല പഞ്ചായത്ത് എന്നിവ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുകയും അവ എല്ലാ മാസാവസാനം വെബ് മോണിറ്ററിങ്ങിൽ റിപ്പോർട്ട് ചെയുകയും വേണം
- നിർബന്ധമായും എല്ലാ മാസവും മേൽ പറഞ്ഞ വിവരങ്ങൾ കൃത്യമായ റിപ്പോർട്ട് ബി സി മാർ ഡി പി എമ്മിന് നൽകുകയും അവ സംസ്ഥാന മിഷന് ലഭ്യമാകുകയും ചെയ്യണം

- ബാലസഭ പുതിയ രജിസ്ട്രേഷൻ, അംഗത്വം പുതുക്കൽ നടത്തിയ വിവരം കുടുംബശ്രീ എം ഐ എസിലേക്ക് ചേർക്കണം

**കാാട്ടർ രണ്ട്**

- ഒന്നാം കാാട്ടറിൽ ഉള്ളത് തുടരുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബാലസഭ പ്രവർത്തനങ്ങൾക്കായി ഫണ്ട് വകയിരുത്തി എന്ന് ഉറപ്പുവരുത്തുകയും , പദ്ധതി നടപ്പിലാക്കുകയും ചെയുക

**കാാട്ടർ മൂന്ന്**

- ഒന്ന് , രണ്ട് ക്വാർട്ടറിലുള്ള പ്രവർത്തനങ്ങളിൽ ബാലസഭ പ്രവർത്തനങ്ങൾ അനുവൽ ആക്ഷൻ പ്ലാൻ പ്രകാരം സമയക്രമം പാലിച്ചു നടത്തപ്പെടുന്നു. ബാലസഭ പ്രവർത്തനങ്ങളിലൂടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചു, എത്ര പുതിയ ബാലസഭകൾ രൂപീകരിച്ചു, ട്രൈബൽ മേഖലകളിൽ/തീരദേശങ്ങൾ നിന്നും എത്ര കുട്ടികളെ ഈ വർഷത്തെ പ്രവർത്തനങ്ങളിലൂടെ അംഗങ്ങളാകാൻ സാധിച്ചു, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബാലസഭാ പദ്ധതിക്കായി ഫണ്ട് വകയിരിത്തിയ വിവരം, അതിൽ എത്ര തുക വിനയോഗിച്ചു, എന്തൊക്കെ പ്രവർത്തങ്ങളാണ് അവ ഉപയോഗിച്ച് നടപ്പിലാക്കിയത് എന്നിവ സംബന്ധിച്ച് പട്ടിക തിരിച്ചുള്ള വിവരം ചേർക്കലും, പ്രധാന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റഷനും

## ii) സ്പെഷ്യൽ ബാലസഭ

മുഖ്യധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ എസ്.സി/ എസ്.ടി തീരദേശം, സ്പെഷ്യൽ ഹോമിലെ അന്തേവാസികൾ, ശാരീരിക-മാനസീക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി സ്പെഷ്യൽ ബാലസഭകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നു.
വിവിധങ്ങളായ ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ/ശേഷികൾ വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങളുടെ സാഹചര്യം സൃഷ്ടിക്കുകയും ഇതിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപ്പിടിച്ചുയർത്തുകയുമാണ് ഈ പ്രവർത്തനത്തിലൂടെ നടപ്പിലാക്കേടത്.

**കാാട്ടർ ഒന്ന്**

- എല്ലാ ബഡ്സ് സ്കൂൾ വിദ്യാർത്ഥികളെയും സ്പെഷ്യൽ ബാലസഭയിൽ അംഗങ്ങളാക്കുക
- എല്ലാ ആശ്രയ ഗുണഭോക്തൃ കുടുംബങ്ങളിലെ കുട്ടികളെയും ബാലസഭയിൽ ഉൾച്ചേർക്കുക
- പരമാവധി സ്പെഷ്യൽ ഹോമിൽ ബാലസഭ രൂപീകരിക്കുകയും അവിടത്തെ കുട്ടികളെ ബാലസഭയിൽ അംഗങ്ങളാകുകയും ചെയ്യുക
- കല, കായിക, പഠനം തുടങ്ങയവയുടെ പരിശീലന പ്രവർത്തനങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുക

**കാാട്ടർ രണ്ട്**

- ബാലസഭ പുതിയ രജിസ്ട്രേഷൻ, അംഗത്വം പുതുക്കൽ നടത്തിയ വിവരം കുടുംബശ്രീ എം ഐ എസിലേക്ക് ചെർക്കണം

<u>ക്വാട്ടർ മൂന്ന്</u>

- സ്പെഷ്യൽ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു, എത്ര പുതിയ സ്പെഷ്യൽ ബാലസഭകൾ രൂപീകരിച്ചു, സ്പെഷ്യൽ ബാലസഭാ പ്രവർത്തനങ്ങളിലൂടെ നടത്തിയ ഇടപെടൽ, എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്നതിന് അടിസ്ഥാനമാക്കി റിപ്പോർട്ട് നൽകണം

## iii) മാതൃക ബാലസഭ

ബാലസഭകളുടെ ശാക്തീകരണവും ഗുണവിലവാരം ഉയർത്തികൊണ്ടുവരുന്നതിനും വളർന്നു വരുന്ന മറ്റു ബാലസഭകൾക്ക് പഠന മാതൃകകളായി ഓരോ സി ഡി എസ്സിലും ഒരു മാതൃക ബാലസഭ രൂപീകരിക്കുക.

**എന്താണ് മാതൃക ബാലസഭകൾ..?**

താഴെ പറയുന്ന എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന ബാലസഭകളാണ് മാതൃക ബാലസഭകൾ.

- ബാലസഭയുടെ ഈ വർഷത്തെ എല്ലാ പദ്ധതികളും നടപ്പിലാക്കിരിക്കണം
- തനത് പരിപാടികൾ നടപ്പിലാക്കുക
- ഓരോ ബാലസഭ യോഗത്തിലുമുള്ള കുട്ടികളുടെ പങ്കാളിത്തം
- ബാലസഭാ പ്രവർത്തനങ്ങളുടെ വൈവിധ്യം
- സമ്മേളിച്ച ബാലസഭകളുടെ എണ്ണം
- സാമൂഹ്യപങ്കാളിത്ത പ്രവർത്തന സംഘാടനം
- സാമൂഹ്യസേവന പ്രവർത്തനങ്ങൾ

<u>ക്വാട്ടർ ഒന്ന്</u>

- എല്ലാ സി ഡി എസ്സുകളിലും ഒരു മാതൃക ബാലസഭ രൂപീകരിക്കുക
- പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കുകയും സമയബന്ധിതമായി സമർപ്പിക്കുക.

<u>ക്വാട്ടർ രണ്ട്</u>

- കൃത്യമായി മോണിറ്റർ ചെയ്യുക
- ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യുന്നതിലെ പ്രാഗത്ഭ്യം (ഉദാ: പെൻസിൽ ക്യാമ്പയിൻ)

<u>ക്വാട്ടർ മൂന്ന്</u>

2) മാതൃക ബാലസഭകളെ വിലയിരുത്തി ജില്ലാ തലത്തിൽ മികച്ച ബാലസഭകൾക്ക് യഥാക്രമം ഒന്ന് , രണ്ട്, മൂന്ന് സ്ഥാനം നൽക്കുക

## 2) ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാം (BS02)

കുട്ടികളുടെ സമഗ്ര വളർച്ച, അവരുടെ ആരോഗ്യം (ശാരീരികവും & മാനസികവും), പോഷകാഹാരം, സുരക്ഷിതമായ പരിപാലന പരിതസ്ഥിതി, ലഹരിയുടെ ദുരുപയോഗത്തിൽ നിന്നുള്ള സംരക്ഷണം, സാംസ്കാരികമായും, ആത്മീയമായും അറിവും, പഠനത്തിനുവേണ്ടിയുള്ള ഉത്തേജനം, തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുക എന്നതാണ് ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാമിലൂടെ ലക്ഷ്യമാക്കുന്നത്.

കുട്ടികൾക്കിടയിൽ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച് അവബോധം ഓരോ വാർഡ് / സി.ഡി.എസ് / ജില്ലാ തലത്തിൽ നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.

എല്ലാ ബാലസഭകളിലും ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രമുകൾ സംഘടിപ്പിക്കുകയും അതിലൂടെ കുട്ടികളുടെ മാനസിക, ശാരീരിക, കായിക, പ്രതിരോധ ശേഷി വർധിപ്പിക്കുകയും ചെയ്യും ഇതിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ബാലസഭ പദ്ധതിയിലൂടെ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഈ ഘടകത്തിൽ ഉൾപ്പെടുന്നതാണ്

- പെൻസിൽ ക്യാമ്പയിൻ
- ബിൽഡിംഗ് റിസീലിയൻസ്
- ഹെൽത്ത് കാർഡ്
- മെഡിക്കൽ ക്യാമ്പയിൻ, മാനസിക പിന്തുണ, പോഷകാഹാരവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ
- പ്രവർത്തനങ്ങൾ (കായികം/കല/വിദ്യാഭ്യാസം/മറ്റുള്ളവ )

**ക്വാട്ടർ ഒന്ന്**

- ജാഗ്രതോത്സവം രണ്ടാംഘട്ടം (പെൻസിൽ), ബിൽഡിംഗ് റിസിലിൻസ് രണ്ടാം ഘട്ടം പദ്ധതി തുടരുകയും അവ എല്ലാ ബാലസഭകളിലും നടത്തുക
- ആരോഗ്യം, ശുചിത്വം, ലഹരി, ലിംഗ പദവി എന്നിതിനെ സംബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക
- അംഗനവാടികൾ സൂക്ഷിക്കുന്ന തരത്തിലുള്ള ഹെൽത് കാർഡുകൾ എല്ലാ ബാലസഭകളിലും ലഭ്യമാകുകയും അവ കൃത്യമായി രേഖപെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വേണ്ട സേവനങ്ങൾ (മെഡിക്കൽ ക്യാമ്പയിൻ , സൈക്കോളജിക്കൽ സപ്പോർട്ട്, പോഷക ആഹാരം തുടങ്ങിയവ) നൽകുക.

- ബാലസഭ രജിസ്ട്രേഷൻ ഫോറത്തിൽ നൽകിയ കുട്ടികളുടെ അഭിരുചി പ്രകാരം കല / കായിക / പഠന / മറ്റുള്ള മേഖലകളിൽ പരിശീലനം സി ഡി എസ്സ്, ബ്ലോക്ക് ലഭ്യമാക്കുക
- ബാല ജാഗ്രത സേന ശാക്തീകരണം , രൂപീകരണം , പ്രവർത്തനങ്ങൾ നൽക്കുക

**ക്വാട്ടർ രണ്ട്**

- ജാഗ്രതോത്സവം രണ്ടാഘട്ടം ( പെൻസിൽ) , ബിൽഡിംഗ് റിസിലിൻസ് രണ്ടാം ഘട്ടം , ബാല ജാഗ്രതസേന രൂപീകരണം തുടർപ്രവർത്തനം എന്നിവ എല്ലാ സി ഡി എസ്സുകളിലും പൂർത്തീകരിക്കണം
- ജില്ലകളിൽ എല്ലാ സി ഡി എസ്സുകളിലും ഒരു കലാ/കായിക സംഘങ്ങൾ രൂപീകരിക്കുകയും അതിലൂടെ തിരഞ്ഞെടുത്ത കുട്ടികൾക്ക് താലപര്യമുള്ള മേഖലകളിൽ പരിശീലനം ലഭ്യമാക്കുക

**ക്വാട്ടർ മൂന്ന്**

- ജാഗ്രതോത്സവം, ബിൽഡിംഗ് റിസിലിയൻസ്, ആരോഗ്യവും ശുചിത്വവും എന്നതിനെ സംബന്ധിച്ച് പരിപാടികൾ എത്ര എ ഡി എസ്, സി ഡി എസ് തലത്തിൽ നടന്നു, എത്ര പേർക്ക് പ്രയോജനം ലഭിച്ചു
- പ്രദേശത്തെ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന പകർച്ച വ്യാധികളുടെ റിപ്പോർട്ട് പരിശോധിക്കുക.
- മുൻ വർഷത്തിൽ നിന്നും ജാഗ്രത പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ ഏറ്റക്കുറച്ചിലുകൾ വിലയിരുത്തി റിപ്പോർട്ടാക്കുക. ഇത് സി ഡി എസ്സ് , ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സംസ്ഥാന മിഷന് ലഭ്യമാക്കണം
- ജില്ലകളിൽ എത്ര കലാ/കായിക സംഘങ്ങൾ രൂപികരിച്ചു അതിൽ എത്ര പേർക്ക് പരിശീലനം ലഭിച്ചു എടുത്തു പറയത്തക്ക നേട്ടങ്ങൾ ഡോക്യുമെന്റ് ചെയ്യുക
- മേൽ പറഞ്ഞ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന മിഷന് ലഭ്യമാകണം

**3) നൈപുണ്യ വികസനം പരിശീലനം (BS03)**

കുട്ടികളുടെ വ്യക്തിത്വ വികസനവും അവരുടെ ശേഷി വർദ്ധനവുമാണ് ഇതിലൂടെ സാധ്യമാക്കേണ്ടത്. കുടുംബശ്രീ പരിശീലക ഗ്രൂപ്പുകളുടെയോ മറ്റു ഏജൻസികളുടെയോ സഹകരണത്തോടെ ജില്ലാ ജില്ലാ അടിസ്ഥാനത്തിൽ ഈ പരിപാടി സംഘടിപ്പിക്കേണ്ടാതാണ്. വിഷയങ്ങൾ : വ്യക്തിത്വ വികസനം, ജീവിത നൈപുണ്യ വികസനം, ക്രാഫ്റ്റ് സ്കിൽ പ്രോഗ്രാം എന്നിവ സംബന്ധിച്ച്

**ക്ലാട്ടർ ഒന്ന്**

- ഏതു മേഖലയിലുള്ള നൈപുണ്യ വികസന പരിപാടികൾ ആണ് കുട്ടികൾക്ക് ആവിശ്യം എന്ന് സി ഡി എസ്സ് ക്രോഡീകരണ ഫോറത്തിൽ നിന്നും കുട്ടികളുടെ അഭിരുചിയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുക

**ക്ലാട്ടർ രണ്ട്**

- ഒന്നാം ക്ലാട്ടറിൽ കണ്ടെത്തിയ കുട്ടികളുടെ ആവശ്യാനുസരണം ജില്ലാ തലത്തിൽ പരിപാടി സംഘടിപ്പിക്കുക
- കുറഞ്ഞത് 100 കുട്ടികൾക്ക് പരിശീലനം നൽകണം
- തുടർച്ചിയായ പരിശീലനം, വാരാന്ത്യത്തിലുള്ള പരിശീലനം, ഇടവേളകളിലായുള്ള പരിശീലനം , ഇവയിൽ ഏതു തരത്തിലുള്ള പരിശീലനം വേണം എന്ന് ജില്ലാ മിഷന് തീരുമാനിക്കാം
- മുൻ വർഷത്തിൽ പരിശീലനം ലഭിച്ച കുട്ടികൾക്ക് ഇന്ന് എന്ത് നിലവാരത്തിൽ ആയിരിക്കുന്നു അഥവാ എന്ത് ചെയുന്നു? ഈ പരിശീലനത്തിലൂടെ അവർക്ക് എന്ത് നേട്ടമാണ് ലഭിച്ചിട്ടുള്ളത് എന്നിവ സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യണം.

**ക്ലാട്ടർ മൂന്ന്**

- ജില്ലാ തലത്തിൽ എത്ര പരിപാടി സംഘടിപ്പിച്ചു
- എന്തൊക്കെ പരിശീലനങ്ങളാണ് നൽകിയത്
- പരിശീലനത്തിന്റെ ഫലം
- എത്ര കുട്ടികൾക്ക് ഏതൊക്കെ വിഭാഗത്തിൽ പരിശീലനം ലഭിച്ചു
- മേൽ പറഞ്ഞത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന മിഷന് ലഭ്യമാകണം

## 4) ബാല പാർലമെന്റ് (BS04)

കുട്ടികളെ ജനാധിപത്യ സംവിധാനത്തിന്റെ പ്രാധാന്യവും, വ്യാപ്തിയും മനസ്സിലാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ബാലപഞ്ചായത്ത്, ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ ബാലപാർലമെന്റ്, ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 ആൺകുട്ടികളും 5 പെൺകുട്ടികളും പ്രതിനിധികളായി എത്തുന്ന സംസ്ഥാന ബാലപാർലമെന്റ് എന്നിവ ഉൾക്കൊള്ളുന്നതാണ് ഈ പ്രവർത്തനം.

**ക്ലാട്ടർ ഒന്ന്**

- എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ ബാലപഞ്ചായത്ത്, ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ ബാലപാർലമെന്റ് എന്നിവ സംഘടിപ്പിക്കുക

- ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 ആൺകുട്ടികളും 5 പെൺകുട്ടികളും പ്രതിനിധികളായി എത്തുന്ന സംസ്ഥാന ബാലപാർലമെന്റ് സംഘടിപ്പിക്കുക

__ക്വാട്ടർ രണ്ട്__

- എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ ബാലപഞ്ചായത്ത സംഘടിപ്പിക്കുക
- ജില്ലാ ബാല പാർലമെന്റ് വർഷത്തിൽ ഒരു തവണയും, ബാല പഞ്ചായത്ത് മൂന്ന് മാസത്തിൽ ഒരു തവണയും സംഘടിപ്പിക്കണം

__ക്വാട്ടർ മൂന്ന്__

- എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ ബാലപഞ്ചായത്ത്, ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ ബാലപാർലമെന്റ് എന്നിവ സംഘടിപ്പിക്കുക
- കുട്ടികളെ സംബന്ധിച്ച വിഷയങ്ങൾ ആസ്പദമാക്കി വേണം ബാല പഞ്ചായത്ത്, ജില്ലാ ബാല പാർലമെന്റ് എന്നിവ സംഘടിപ്പിക്കാൻ
- എന്തൊക്കെ പ്രതേക വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു, അവയിൽ എന്തു പരിഹാരം കണ്ടു അതിൽ എത്ര എണ്ണം തുടർ നടപടിക്കായി ഉന്നത തലത്തിൽ നൽകി, സംസ്ഥാന തല ഇടപെടൽ ആവശ്യമുള്ളവ ഉണ്ടോ ?
- മേൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന മിഷന് നൽകണം

## 5) __ശാസ്ത്രോത്സവം__ (BS05)

ബാലസഭകൾ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നതെങ്കിലും വിദ്യാഭ്യാസ മികവിൽ കുട്ടികളെ എത്തിക്കുന്ന പ്രവർത്തനങ്ങളും പഠനത്തിൽ താത്പര്യം ജനിപ്പിക്കുന്ന രീതിശാസ്ത്രവും സാമൂഹ്യസേവന സന്നദ്ധതയിൽ താത്പര്യമുളവാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളും ഉൾച്ചേർത്തിട്ടുണ്ട്. അതിന്റെ ഭാഗമായി മുൻവർഷങ്ങളിൽ ഇയർ ഓഫ് ഫിസിക്സ്ന്റെ പ്രവർത്തനങ്ങൾ എസ്എസ്എയുമായി ചേർന്ന് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ബാലപാർലമെന്റുകളും സംസ്ഥാന ബാലപാർലമെന്റുകളും ഗണിതവിസ്മയം-2017 ഉം അടക്കമുള്ള വിവിധങ്ങളായ ബാലസഭാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് പാഠ്യപ്രവർത്തനങ്ങളിൽ തത്പര്യം ഉളവാക്കാൻ സഹായിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിൽ ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഒരു ഭാഗം UNESCO യുടെ 2019-ലെ IYPT യുമായി ബന്ധപ്പെട്ടതാണ്.

രസതന്ത്രത്തിന്റെ അടിസ്ഥാനം മൂലകങ്ങളായതിനാൽ തന്നെ ആവർത്തന പട്ടികയുടെ സാങ്കേതികത്വം രസകരമായി വിദ്യാർത്ഥികളിൽ എത്തിക്കുന്നിടത്തു നിന്നും കൗതുകകരമായ നിരീക്ഷണങ്ങളിലേയ്ക്ക് അവരുടെ ചിന്തകളെ ഉണർത്തുന്നതിന് സാധിക്കും. ഈ സാധ്യതയാണ് ഈ വർഷത്തെ പ്രത്യേക പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നത്. രണ്ട് വിധത്തിലായിരിക്കും ഈ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുക.

1. 9, 10, +1, +2, ഡിഗ്രി ആദ്യ വർഷ ക്ലാസ്സുകളിലെ അഥവാ ബാലസഭ സീനിയർ വിഭാഗത്തിലെ കുട്ടികൾക്കായി IYPT-2019– മായി ബന്ധപ്പെട്ട ആവർത്തന പട്ടിക പ്രവർത്തനങ്ങൾ ഉൾച്ചേർത്തുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന മുതൽ സംസ്ഥാന തലം വരെയുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്.
2. ബാലസഭ ജൂനിയർ വിഭാഗത്തിലെ കുട്ടികൾക്കായി രസതന്ത്രം – അനുദിന ജീവിതത്തിൽ എന്ന വിഷയവുമായി ബന്ധപ്പെട്ട ശാസ്ത്രകളികൾ ആണ് നൽകുവാൻ ഉദ്ദേശിക്കുന്നത്.

ബാലസഭ കുട്ടികൾക്ക് അവരുടെ ശാസ്ത്ര അഭിരുചി വളർത്തുവാനും, ശാസ്ത്രലോകത്തെ കുറച്ച് പരിചയപ്പെടുത്താനും ശാസ്ത്രവുമായി ബന്ധപ്പെട്ട പരിപാടി വാർഡ്, സി ഡി എസ്, ജില്ലാ, സംസ്ഥന എന്നി തലങ്ങളിൽ ശാസ്ത്രോത്സവം സംഘടിപ്പിക്കും.

**ശാസ്ത്രോത്സവം സംബന്ധിച്ച വിശദമായ വിവരം സംസ്ഥാന തല ശില്പശാലക്ക് ശേഷം ലഭ്യമാകും**

## 6) <u>ബാല സംഗമം </u>(BS06)

ബാലസഭ പ്രതിഭകൾക്ക് തങ്ങളുടെ കഴിവുകൾ അവതരിപ്പിക്കുന്നതിനും സി ഡി എസ്, ജില്ലാ തലങ്ങളിൽ കൂടിച്ചേരലിനും വേദി ഒരുക്കുക എന്നതാണ് ബാലസംഗമം എന്ന പദ്ധതിയിലൂടെ ചെയേണ്ടത്ത്. ഇത് പൊതുജനങ്ങളിൽ ബാലസഭയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊളിച്ചാണ് ചെയ്യേണ്ടത്. ബാലസഭ പ്രവർത്തന മേഖലയിലെ മുഴുവൻ കുട്ടികളെയും ആംഗത്വത്തിലേക്കും പ്രവർത്തനഗങ്ങളിലേക്കും എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കുട്ടികളുടെ വാർഷിക സമ്മേളനമായി വാർഡ്തല സംഗമ ങ്ങൾ, പഞ്ചായത്ത് തല സംഗമങ്ങൾ, ജില്ലാ സംഗമങ്ങൾ എന്നീ നിലകളിൽ ആണ് സംഘടിപ്പിക്കേണ്ടത്.

**വാർഡ്/ പഞ്ചായത്ത് തല**

വാർഡ്/ പഞ്ചായത്ത് തല സംഗമത്തിന്റെ ഉദ്ഘാടന ചടങ്ങുകൾ പരമാവധി അരമ ണിക്കൂറുനുള്ളിൽ ഒതുക്കേണ്ടതാണ്. പങ്കെടുക്കുന്ന മുഴുവൻ കുട്ടികൾക്കും തന തായ പരിപാടികൾ അവതരിപ്പിക്കാനുള്ള അവസരങ്ങൾ നല്കണം. വാർഡ് തല ത്തിലെ നിലവാരമുള്ള പരിപാടികളാണ് പഞ്ചായത്ത് തല സംഗമത്തിലേയ്ക്ക് പരിഗ ണിക്കേണ്ടത്. കുട്ടികളുടെ സുരക്ഷ, അവകാശങ്ങൾ, ലഹരി വിമുക്തി (DRUGS, GADGETS CHILD RIGHTS) തുടങ്ങയ വിഷയങ്ങളിൽ സംബദ്ധിച് ചിത്രീകരണങ്ങൾ വാർഡ്, തലത്തിൽ പഞ്ചായത്, ജില്ലാ സംഗമങ്ങളിൽ നിർബന്ധമായും പ്രദർശിപ്പിക്കേ ണ്ടതാണ്.

**ജില്ലാതലം**

പഞ്ചായത്തിൽ നിന്നും മികവു പുലർത്തുന്ന തനത് പരിപാടികൾ ജില്ലാ സംഗമത്തിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

**കാറ്റഗറി രണ്ട്**

- വാർഡ്/ പഞ്ചായത്ത് തല സംഗമം സംഘടിപ്പിക്കുക

**കാറ്റഗറി മൂന്ന്**

- ജില്ലാ തല സംഗമം സംഘടിപ്പിക്കുക

## 7) ബാലകൃഷി (BS07)

കുട്ടികളിൽ കാർഷിക ശീലം വളർത്തുക, നല്ല ഭക്ഷണം, പരിസര ശുചിത്വം എന്നിവയുടെ ആവശ്യകത മനസിലാക്കുക എന്നീ ലക്ഷ്യത്തോടെയാണ് കുടുംബശ്രീ ബാലസഭ പ്രവർത്തനത്തിന്റെ ഭാഗമായി **"ബാലകൃഷി"** പദ്ധതി അസൂത്രണം ചെയ്തിരിക്കുന്നത്.
വിഷമയമായ പച്ചക്കറി, ധാന്യ വിഭവങ്ങൾ എന്നിവവഴി രോഗാതുരമാകുന്ന നമ്മുടെ സമൂഹത്തെ നല്ല ആരോഗ്യ ശീലങ്ങളിലേയ്ക്ക് നയിക്കാൻ കുട്ടികളെ പ്രാപ്തമാക്കേണ്ടതുണ്ട്. രാസപദാർത്ഥങ്ങൾ ഉപയോഗിക്കാതെ തികച്ചും ജൈവരീതിയിൽ പച്ചക്കറികളും വളർത്തി എടുക്കാനുള്ള പരിശീലനവും അറിവും കുട്ടികളിലേയ്ക്ക് കൈമാറി കാർഷികവൃത്തിയിൽ അഭിരുചിയുള്ള ഒരു പുത്തൻ തലമുറയെ സജ്ജമാക്കുവാൻ ബാലസഭയിലൂടെ ശ്രമിക്കുന്നു. കുടുംബശ്രീ ജെഎൽജി ഗ്രൂപ്പുമായും, കൃഷി ഭവനുമായും ചേർന്നാണ് ഈ പ്രവർത്തങ്ങൾ നടപ്പിലാക്കേണ്ടത്. സ്വന്തം വീടുകളിൽ അടുക്കളത്തോട്ടം ഉണ്ടാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

**കാറ്റഗറി ഒന്ന്**

- കുറഞ്ഞത് ഒരു സി ഡി എസ്സിൽ ഒരു ബാല കൃഷി സംഘം എന്ന രീതിയിൽ രൂപികരിക്കുക
- പരമാവധി ബാലസഭ കുട്ടികളെ ഇതിന്റെ ഗുണഭോക്താക്കളാക്കുക
- എം കെ എസ് പി ടീം , കൃഷിഭവൻ എന്നിവരുടെ സേവനം ലഭ്യമാകുക

**കാറ്റഗറി രണ്ട്**

- കർഷകരുമായി ചർച്ച, കൃഷി രീതികളെ പരിചയപ്പെടുത്തൽ, സെമിനാർ, കൃഷിയിടങ്ങൾ സന്ദർശനം

**കാറ്റഗറി മൂന്ന്**

- കൃത്യമായ മോണിറ്റർ ചെയ്യുകയും മികച്ച കുട്ടി കർഷക സംഘങ്ങളെ തിരഞ്ഞെടുക്കുകയും അനുമോദിക്കുകയും ചെയ്യുക

## 8)ബാല ലൈബ്രറി (BS08)

കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ട് കുടുംബശ്രീ ആരംഭിച്ച പ്രവർത്തിയാണ് ബാല ലൈബ്രറികൾ. നിലവിൽ ഉള്ളത് മെച്ചപ്പെടുത്തുകയും ആവിശ്യമുള്ളടത് പുതിയത് ആരംഭിക്കുകയും ചെയുവാൻ ആണ് ഈ വർഷം ശ്രദ്ധിക്കുന്നത് 2019 2020 പദ്ധതി വർഷത്തിൽ നിലവിലുള്ളതിനു പുറമെ ഒരു സി ഡി എസ്സിൽ കുറഞ്ഞത് ഒരു പുതിയ ബാല ലൈബ്രറി എന്ന രീതിയിൽ രൂപികരിക്കും

**ക്വാട്ടർ ഒന്ന്**

- കുറഞ്ഞത് ഒരു സി ഡി എസ്സിൽ ഒരു ബാല ലൈബ്രറി എന്ന രീതിയിൽ രൂപീകരിക്കുക
- നിലവിൽ ഉള്ളത് മെച്ചപ്പെടുത്തുകയും ചെയ്യുക
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബാലസഭാ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
- പരമാവധി ബാലസഭാ കുട്ടികളെ ഇതിന്റെ ഗുണഭോക്താക്കളാക്കുക

**ക്വാട്ടർ രണ്ട്**

- പുസ്തക യാത്രയിലൂടെ പുസ്തകങ്ങൾ പരമാവധി സ്വരൂപിക്കുക

**ക്വാട്ടർ മൂന്ന്**

- എത്ര പുതിയ ബാല ലൈബ്രറികൾ രൂപികരിച്ചു
- ബാല ലൈബ്രറിയുടെ പ്രവർത്തനം
- ബാല ലൈബ്രറിയിൽ എത്ര പേർ അംഗങ്ങളാണ്
- ബാല ലൈബ്രറികളിൽ എത്ര പുസ്തകങ്ങൾ ഉണ്ട്
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബാലസഭാ പദ്ധതിക്കായി ഫണ്ട് വകയിരിത്തിട്ടുണ്ടോ, ഉണ്ടെകിൽ എത്ര രൂപ.
- ലൈബ്രറി കൗസിലിൽ രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ
- എത്ര പുസ്തകങ്ങൾ, എത്ര തവണ കൈമാറ്റം ചെയ്യപ്പെട്ടു, ഏതു തരത്തിലുള്ള പുസ്തകങ്ങളാണ് ഏറ്റവും കൂടുതൽ കൈമാറ്റം ചെയ്യപ്പെടുന്നത്
- മേൽ പറഞ്ഞത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന മിഷന് ലഭ്യമാകണം

## <u>ചുമതലകൾ</u>

**ബി സി :**

- ബാലസഭ ശാക്തീകരണത്തിന്റെ ഭാഗമായി നിർവ്വചിക്കപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമായി പ്രവർത്തിപ്പിക്കുക, സി ഡി എസ്സ് തലത്തിൽ ജനസംഖ്യ ആനുപാതികമായി ബാലസഭകളിൽ പ്രാതിനിധ്യം ഉറപ്പാക്കുക. പുതിയ ബാലസഭകൾ രൂപീകരിക്കുകയും ചെയുക.
- സി ഡി എസ്സുകളിൽ ട്രൈബൽ, കോസ്റ്റൽ, ട്രൈബൽ, ബഡ്സ്, ആശ്രയ, ഓർഫനേജ് മേഖലയിൽ നിന്നുള്ള എല്ലാ കുട്ടികളെയും ബാലസഭയിൽ ഉൾച്ചേർന്നു എന്ന് ഉറപ്പുവരുത്തുക. ബാലസഭകൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും,
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബാലസഭാ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
- സി ഡി എസ്സുകൾക്ക് പദ്ധതി രൂപീകരണത്തിനു ആവശ്യമായ മാർഗനിർദേശങ്ങൾ നൽക്കുക
- സി ഡി എസ്സുകളിൽ ബാലസഭ, ബാലസമിതി, ബാല പഞ്ചായത് എന്നിവ കൃത്യമായ ഇടവേളകളിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുകയും അവ എല്ലാ മാസാവും റിപ്പോർട്ട് ചെയുകയും വേണം
- ബ്ലോക്ക് തലത്തിൽ ബാല ആർ പി മാർക്ക് മെന്ററിങ് പരിശീലനം നടത്തുക
- കുട്ടികളുടെ സുരക്ഷ, അവകാശങ്ങൾ, ലഹരി വിമുക്തി (DRUGS, GADGETS) തുടങ്ങയ വിഷയാടിസ്ഥാനപ്പെടുത്തി ചിത്രീകരണങ്ങൾ വാർഡ് തലത്തിൽ കാണിക്കുവാൻ ക്രമീകരിക്കണം ബാല ആർ പി മാരിലൂടെ ചെയ്യുക (ഉദാ: ബോധിനി)
- എല്ലാ ബാലസഭകളും സി ഡി എസ്സിൽ രജിസ്റ്റർ ചെയ്യുകയും അംഗത്വ വിവരങ്ങൾ കുടുംബശ്രീ എം ഐ എസ്സിൽ എന്റർ ചെയ്തു എന്ന് ഉറപ്പുവരുത്തണം
- സി ഡി എസ്സിൽ മാതൃക ബാലസഭകൾ രൂപീകരിക്കുകയും അവ കൃത്യമായി മോണിറ്റർ ചെയ്യുക
- മാതൃക ബാലസഭകളുടെ ഡോക്യൂമെന്റ്ഷൻ തയ്യാറാകണം
- ജാഗ്രതോത്സവം രണ്ടാംഘട്ടം ( പെൻസിൽ) , ബിൽഡിംഗ് റിസിലിൻസ് രണ്ടാം ഘട്ടം , ബാല ജാഗ്രതസേന രൂപീകരണം തുടർപ്രവർത്തനം എന്നിവ എല്ലാ സി ഡി എസ്സുകളിലും സംഘടിപ്പിക്കണം
- എല്ലാ സി ഡി എസ്സുകളിലും കുറഞ്ഞത് ഒരു കലാ/കായിക സംഘം രൂപികരിക്കുക
- ആരോഗ്യവും ശുചിത്വവും എന്നതിനെ സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കുക
- അംഗനവാടികൾ സൂക്ഷിക്കുന്ന തരത്തിലുള്ള ഹെൽത് കാർഡുകൾ എല്ലാ ബാലസഭകളിലും ലഭ്യമാകുകയും അവ കൃത്യമായി രേഖപെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വേണ്ട സേവനങ്ങൾ (മെഡിക്കൽ ക്യാമ്പയിൻ , സൈക്കോളജിക്കൽ സപ്പോർട്ട്, പോഷക ആഹാരം തുടങ്ങിയവ) നൽകുക
- ബാല പഞ്ചായത്ത് , ജില്ലാ ബാല പാർലമെന്റ് എന്നിവ സംഘടിപ്പിക്കുക

- വാർഡ്, പഞ്ചായത്ത് , ജില്ലാ തല ബാല സംഗമം സംഘടിപ്പിക്കുക
- എല്ലാ സി ഡി എസ്സുകളിലും ബാലകൃഷി സംഘം രൂപീകരിക്കുക
- നിലവിൽ ഉള്ളത് മെച്ചപ്പെടുത്തുകയും പുതിയതായി ഒരു സി ഡി എസ്സിൽ ഒരു ബാല ലൈബ്രറി എന്ന രീതിയിൽ രൂപീകരിക്കുക
- നിർബന്ധമായും എല്ലാ മാസവും മേൽ പറഞ്ഞ പദ്ധതികളുടെ റിപ്പോർട്ട് ബി സി മാർ ഡി പി എമ്മിന് നൽകുകയും അവ കുടുംബശ്രീ വെബ് മോണിറ്ററിങ്ങിൽ 5 ആം തിയതിക്കു മുൻപായി ചേർക്കേണ്ടതാണ്

**ഡി പി എം:**

- ബി സി, ബാലസഭ ആർ പി, സി ഡി എസ് എന്നിവർക്ക് ബാലസഭ പ്രവർത്തനങ്ങളെ സംബന്ധിച്ച പരിശീലനം നൽകണം
- ബി സി മാർക്ക് അവരുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ട മാർഗനിർദേശം, ഫീൽഡ് തലത്തിൽ ഉള്ള പിൻതുണ നൽകുക
- ബി സി മാർ, ബാലസഭ ആർ പി മാർ എന്നിവരുടെ പ്രവർത്തനങ്ങളെ കൃത്യമായ ഇടവേളകളിൽ വിലയിരുത്തണം
- എല്ലാ മാസവും നേരിടുന്ന പ്രശ്നങ്ങൾ അതിജീവിക്കാനുള്ള പ്രായോഗിക ഇടപെടൽ നടത്തുക. 5ാം തിയതിക്കു മുൻപായി വെബ് മോണിറ്ററിങ് പട്ടികയിൽ വിവരം ചേർക്കുക
- ജില്ലാ പഞ്ചായത്തിൽ ബാലസഭ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
- സി ഡി എസ്സിൽ ബാലസഭ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തണം
- എല്ലാ ബാലസഭകളും സി ഡി എസ്സിൽ രജിസ്റ്റർ ചെയ്യുകയും അവ കുടുംബശ്രീ എം ഐ എസ്സിൽ എന്റർ ചെയ്തു എന്ന് ഉറപ്പുവരുത്തണം
- സി ഡി എസ്സിൽ മാതൃക ബാലസഭകൾ രൂപീകരിക്കുകയും അവ കൃത്യമായി മോണിറ്റർ ചെയ്യുക
- എല്ലാ മാതൃക ബാലസഭകളുടെയും ഡോക്യുമെന്റഷൻ തയ്യാറാക്കണം
- ജാഗ്രതോത്സവം രണ്ടാഘട്ടം ( പെൻസിൽ) , ബിൽഡിംഗ് റിസിലിൻസ് രണ്ടാം ഘട്ടം , ബാല ജാഗ്രതസേന രൂപീകരണം തുടർപ്രവർത്തനം എന്നിവ എല്ലാ സി ഡി എസ്സുകളിലും സംഘടിപ്പിക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുകയും , അവ നടന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക
- എല്ലാ സി ഡി എസ്സുകളിലും ഒരു കലാ/കായിക സംഘങ്ങൾ രൂപീകരിക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുക
- ആരോഗ്യവും ശുചിത്വവും എന്നതിനെ സംബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക
- ഹെൽത് കാർഡുകൾ എല്ലാ ബാലസഭകളിലും ലഭ്യമാകുകയും അവ കൃത്യമായി രേഖപെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വേണ്ട സേവനങ്ങൾ ( മെഡിക്കൽ ക്യാമ്പയിൻ, സൈക്കോളജിക്കൽ സപ്പോർട്ട്, പോഷക ആഹാരം തുടങ്ങിയവ) നൽകുക
- നൈപുണ്യ വികസന പരിശീലനത്തിന് മറ്റു ഏജൻസികളുടെ സഹകരണം ലഭ്യമാക്കുക

- ജില്ലാ അടിസ്ഥാനത്തിൽ പരിപാടികൾ   സംഘടിപ്പിക്കുക
- ജില്ലാ ബാല പാർലമെന്റ് എന്നിവ സംഘടിപ്പിക്കുക
- ബാല പഞ്ചായത്, പഞ്ചായത് തല ബാല സംഗമം എന്നിവ നടത്തുന്നതിന് ആവിശ്യമായ പിന്തുണ നൽകുകയും കൂടാതെ പരിപാടി സംഘടിപ്പിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക
- ജില്ലാ തല സംഗമം സംഘടിപ്പിക്കുക
- എല്ലാ സി ഡി എസ്സുകളിൽ ബാലകൃഷി സംഘം രൂപീകരിക്കുകനിലവിൽ ഉള്ളത് മെച്ചപ്പെടുത്തുകയും പുതിയതായി  ഒരു സി ഡി എസ്സിൽ ഒരു ബാല ലൈബ്രറി എന്ന രീതിയിൽ രൂപികരിച്ചു എന്ന് ഉറപ്പുവരുത്തണം
- എല്ലാ മാസവും കൃത്യമായ റിപ്പോർട്ട് ബി സി മാരിൽ നിന്നും ശേഖരിക്കുകയും അവ സംസ്ഥാന മിഷന് ലഭ്യമാകുകയും ചെയ്യണം
- എല്ലാ ബാലസഭ പദ്ധതികളുടെയും വിശദമായ റിപ്പോർട്ട് തയാറാക്കി സംസ്ഥാന മിഷന് ലഭ്യമാകുക

**എ ഡി എം സി :**

- ജില്ലയിൽ എല്ലാ ബാലസഭ പദ്ധതികളും ആനുവൽ ആക്ഷൻ പ്ലാൻ പ്രകാരം കൃത്യസമയത് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും അവ നടപ്പിലാക്കി എന്ന് ഉറപ്പുവരുത്തേണ്ടാതാണ്.
- ഡി പി എം,  ബി സി മാർ, ബാലസഭ ആർ പി മാർ എന്നിവർക്ക് പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട മാർഗനിർദേശം, ഫീൽഡ് തലത്തിൽ ഉള്ള പിൻതുണന നൽകുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി നേരിട്ട് ഇടപ്പെട്ട് ബാലസഭ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
- ഡി പി എം, ബി സി മാർ, ബാലസഭ ആർ പി മാർ എന്നിവരുടെ അവലോകന യോഗം കൃത്യമായ ഇടവേളകളിൽ വിലയിരുത്തണംനടത്തി പ്രവർത്തന പുരോഗതി വിലയിരുത്തണം
- ബാലസഭ പദ്ധതികൾ താഴെ തട്ടിൽ (വാർഡിൽ ) കൃത്യമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്
- എല്ലാ ബാലസഭ പദ്ധതികളുടെയും വിശദമായ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന മിഷന് ലഭ്യമാകുക

# ജില്ലാതല ഫണ്ട് വകയിരുത്തൽ

| | BS01 | BS02 | BS03 | BS04 | BS05 | BS06 | BS07 | BS08 | |
|---|---|---|---|---|---|---|---|---|---|
| **District** | **Capacity building program** | **Holistic Health program** | **Skill development programme** | **Bala parliament** | **Shastrolsavam (SAVE THE CHILDREN)** | **Bala Sangamam** | **Bala krishi (Farming activity)** | **Bala Library** | **Total** |
| **Trivandrum** | 249000 | 857400 | 125000 | 147800 | 0 | 200000 | 25000 | 50000 | **1654200** |
| **Kollam** | 222000 | 556000 | 125000 | 133400 | 0 | 200000 | 25000 | 50000 | **1311400** |
| **Pathanamthitta** | 174000 | 970000 | 125000 | 107800 | 0 | 200000 | 25000 | 50000 | **1651800** |
| **Alappuzha** | 237000 | 940000 | 125000 | 141400 | 0 | 200000 | 25000 | 50000 | **1718400** |
| **Kottayam** | 234000 | 1480000 | 125000 | 139800 | 0 | 200000 | 25000 | 50000 | **2253800** |
| **Idukki** | 162000 | 561000 | 125000 | 101400 | 0 | 200000 | 25000 | 50000 | **1224400** |
| **Ernakulam** | 303000 | 2317000 | 150000 | 176600 | 0 | 250000 | 25000 | 50000 | **3271600** |
| **Thrissur** | 300000 | 1530000 | 150000 | 175000 | 0 | 250000 | 25000 | 50000 | **2480000** |
| **Palakkad** | 288000 | 473000 | 150000 | 168600 | 0 | 250000 | 25000 | 50000 | **1404600** |
| **Malappuram** | 330000 | 1461000 | 150000 | 191000 | 0 | 250000 | 25000 | 50000 | **2457000** |
| **Kozhikode** | 246000 | 751000 | 125000 | 146200 | 0 | 200000 | 25000 | 50000 | **1543200** |
| **Wayanad** | 78000 | 1261000 | 100000 | 56600 | 0 | 150000 | 25000 | 50000 | **1720600** |
| **Kannur** | 243000 | 772800 | 125000 | 144600 | 0 | 200000 | 25000 | 50000 | **1560400** |
| **Kasaragod** | 126000 | 809900 | 100000 | 82200 | 0 | 150000 | 25000 | 50000 | **1343100** |
| **State Misssion** | 200000 | 1000000 | 0 | 500000 | 2705500 | 0 | 0 | 0 | **4405500** |
| **Total** | **3392000** | **15740100** | **1800000** | **2412400** | **2705500** | **2900000** | **350000** | **700000** | **30000000** |